**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിക്കു ശേഷം ഡോ. മാത്യു.കെ. ജോൺസനെ, ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി) തസ്തികയിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇഎ1-1008/2016/ആ.വ.ഡ തീയതി 01.09.2016
2. മേലെഴുത്ത് നം.ഇബി3- 73256/16/ആ.വ.ഡ തീയതി 14.03.2018

**ഉത്തരവ് നം. ഇ.എ1-54500/16/ആ.വ.ഡ തീയതി 15.03.2018**

പഠനാവശ്യത്തിനായി 08.03.2016 മുതൽ 17.03.2018 വരെ ശൂന്യവേതനാവധിയിൽ തുടരവെ അസിസ്റ്റന്റ് സർജനായ ഡോ. മാത്യു.കെ. ജോൺസനെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഒഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനം നൽകിയിരുന്നു.

പരാമർശം (2) പ്രകാരം, ഡോ. മാത്യു.കെ. ജോൺസനെ, 08.03.2016 മുതൽ 17.03.2018 വരെയുള്ള ശൂന്യവേതനാവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു.

ആയതിനാൽ ഡോ. മാത്യു.കെ. ജോൺസനെ **ഇടുക്കി അടിമാലി താലൂക്ക് ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി)** തസ്തികയിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. മാത്യു.കെ. ജോൺസൺ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവിയ്ക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. മാത്യു.കെ. ജോൺസൺ, ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി)

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ഇടുക്കി
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. മെഡിക്കൽ ആഫീസർ, താലൂക്ക് ആശുപത്രി അടിമാലി, ഇടുക്കി
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
4. ഫയൽ/ കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്